## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2597 — 20.06.2013-ൽ മറുപടിക്ക്

### വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവുകളുടെ എണ്ണം എത്ര; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ; | (എ) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ 7 ഒഴിവുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ 20 ഒഴിവുകൾ (ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകളുടെ വിവരം ഉള്ളടക്കം ചെയ്യുന്നു). |
| (ബി) എ.ഇ.ഒ., ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർ എന്നിവരുടെ ഒഴിവുകളുടെ എണ്ണം എത്രയാണ് ; ഏതെല്ലാം ജില്ലകളിലാണ് ഒഴിവുള്ളത്; | (ബി) വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 17.06.2013 ലെ ഡി5/905/13/ഡിപിഐ (2) നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഹൈസ്കൂൾ പ്രധാന അദ്ധ്യാപകരുടെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (സി) അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി.പി.ഐ യുടെ ഒഴിവ് എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു എന്ന് അറിയിക്കാമോ; ഈ ഒഴിവ് നികത്തിയിട്ടുണ്ടോ; | (സി) 30.11.2012-ൽ അഡീഷണൽ ഡി.പി.ഐ (ജനറൽ) ആയിരുന്ന ശ്രീ. വൈ. തങ്കച്ചൻ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ 01.12.2012 മുതൽ അഡീഷണൽ ഡി.പി.ഐ (ജനറൽ) തസ്തിക ഒഴിവായിരുന്നു. 25.05.2013-ലെ സർക്കാർ ഉത്തരവ് നം. (സാധാ) 2192/13/പൊവി. പ്രകാരം അഡീഷണൽ ഡി.പി.ഐ (അക്കാദമിക്) ആയിരുന്ന ശ്രീമതി വി.കെ. സരളമ്മയെ അഡീഷണൽ ഡി.പി.ഐ (ജനറൽ) ആയി നിയമിക്കുകയും ആർ.എം.എസ്.എ.യുടെ അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ആയിരുന്ന ശ്രീ. എ.അരുൺ കുമാറിനെ അഡീഷണൽ ഡി.പി.ഐ (അക്കാദമിക്) ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഹയർ സെക്കന്ററി തലം ഉൾപ്പെടെ സംസ്ഥാനത്തെ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ ? | (ഡി) സംസ്ഥാനത്തെ ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ 1317 അദ്ധ്യാപകരുടെ ഒഴിവുകളും , ഹയർ സെക്കന്ററി തലത്തിൽ 2523 (ജൂനിയർ / സീനിയർ) അദ്ധ്യാപകരുടെ ഒഴിവുകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ